പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3281 19-10-2016-ൽ മറുപടിയ്ക്ക്

## സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന എസ്.സി/എസ്.ടി. കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്വാശ്രയആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന എസ്.സി/എസ്.ടി. കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കഴിഞ്ഞ അഞ്ച് വർഷമായി നൽകുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദാംശങ്ങൾ അറിയിക്കുമോ; | എ) | അംഗീകൃത സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന 2.1/2 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാന മുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവ. ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് നൽകുന്നുണ്ട്.<br><br>എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച 2-7-2009-ലെ സ.ഉ (പി) 50/2009/പജ പവ വിവ ഉത്തരവിലെ സെക്ഷൻ C (iii) പ്രകാരം സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിയ്ക്കുന്നവർക്ക് യാതൊരുവിധ ആനുകൂല്യവും നൽകാൻ വ്യവസ്ഥയില്ല. |
| ബി) | സംസ്ഥാന സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിക്കുന്ന എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) | സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാർ മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനംനേടുന്ന പട്ടികജാതി/പട്ടി കവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ ; | സി) യും (ഡി) യും | എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച 2-7-2009-ലെ സ.ഉ. (പി) 50/2009/പജ പവ വിവ ഉത്തരവിലെ സെക്ഷൻ C (iii) പ്രകാരം സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാൻ നിർവ്വാഹമില്ല. എന്നാൽ 2 1/2 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവ. ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് ലഭിക്കുന്നതിന് തടസ്സമില്ല. |
| ഡി) | വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**